# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 59      27/06/2011 ൽ മറുപടി പറയേണ്ടിയിരുന്നത്

### ക്രിമിനൽ സ്വഭാവമുള്ള പോലീസ് ഉദ്യോഗസ്ഥർ

ചോദ്യം      മറുപടി

ശ്രീ. കെ.കെ.നാരായണൻ:      ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| | |
|---|---|
| (എ) ക്രിമിനൽ സ്വഭാവമുള്ള പോലീസ് ഉദ്യോഗസ്ഥർ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണത്തിലുള്ള വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ക്രിമിനൽ സ്വഭാവമുള്ള പോലീസുദ്യോഗസ്ഥർ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇത്തരം ഉദ്യോഗസ്ഥരെ കണ്ടെത്തി നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി)ഇത്തരം ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിനും അനന്തര നടപടികൾ സ്വീകരിക്കുന്നതിനും വേണ്ട നടപടികൾ വകുപ്പുതലത്തിൽ കൈക്കൊണ്ടുവരുന്നു. |

| | |
|---|---|
| (സി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ? | (സി) പോലീസ് ഉദ്യോഗസ്ഥരുടെ വ്യക്തി ജീവിതം നിരീക്ഷിച്ച് വേണ്ട നടപടികൾ എടുക്കുന്നതിനും പോലീസ് ഉദ്യോഗസ്ഥരുടേയും കുടുംബാംഗങ്ങളുടേയും വരുമാന സ്രോതസ്സുകളെപ്പറ്റി വിവരങ്ങൾ ശേഖരിക്കുന്നതിനും ബന്ധപ്പെട്ട എല്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കുറ്റകൃത്യങ്ങളുടെ സ്വഭാവമനുസരിച്ച് നിലവിലുള്ള നിയമപ്രകാരം പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് ആവശ്യമായ നടപടികൾ കൈക്കൊണ്ടു വരുന്നുണ്ട്. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന പോലീസുദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ